# കേരളസർവകലാശാല

നം.പി.ആർ.08/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. മാത്തമാറ്റിക്സ് (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈൻ/ഓഫ്ലൈൻ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി 23. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കേരളസർവകലാശാല:പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കാം

കേരളസർവകലാശാല 2022 – 23 അക്കാദമിക് വർഷത്തിലെ ബി.എ./ബി.കോം./ബി.എ. അഫ്സൽ – ഉൽ – ഉലാമ/ബി.ബി.എ./ബി.കോം. അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ എന്നീ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. പിഴകൂടാതെ ജനുവരി 20 വരെയും പിഴയോടെ ജനുവരി 31 വരെയും അപേക്ഷിക്കാം. അപേക്ഷയും അനുബന്ധരേഖകളും ജനുവരി 31 നകം കേരള സർവകലാശാല തപാൽ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

### വൈവ വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 അഡ്മിഷൻ), നവംബർ 2022 പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവ വോസി ജനുവരി 16, 18 തീയതികളിൽ കാര്യവട്ടം ഹിസ്റ്ററി വിഭാഗത്തിൽ വച്ച് നടത്തുന്നതാണ്. എല്ലാ വിദ്യാർത്ഥികളും രാവിലെ 9.30 ന് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 അഡ്മിഷൻ), നവംബർ 2022 പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവ വോസി ജനുവരി 19, 20 തീയതികളിൽ കാര്യവട്ടം വിദൂരവിദ്യാഭ്യാസപഠനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. എല്ലാ വിദ്യാർത്ഥികളും രാവിലെ 9.30 ന് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ബി.എ. ലോജിസ്റ്റിക്സ് (196), ഡിസംബർ 2022 ഡിഗ്രി പരീക്ഷയുടെ ബി.എം. 1544 – ഇന്റേൺഷിപ് പ്രോജക്ടുമായി ബന്ധപ്പെട്ട വൈവവോസി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ഗ്രൂപ്പ് 2 (a) അഞ്ചാം സെമസ്റ്റർ ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് പ്രോഗ്രാമിന്റെ (PC 1572 – PHP and MySQL) പ്രാക്ടിക്കൽ പരീക്ഷ ജനുവരി 19, 20 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ അഞ്ച്, ആറ് സെമസ്റ്റർ ബി.ടെക്. (2008 സ്കീം – സപ്ലിമെന്ററി (2012 അഡ്മിഷൻ)/പാർട്ട്ടൈം/മേഴ്സിചാൻസ് (2008, 2009, 2010, 2011 അഡ്മിഷനുകൾ) 2003 സ്കീം ട്രാൻസിറ്ററി വിദ്യാർത്ഥികൾ ഉൾപ്പെടെ), ജനുവരി 2023 പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 21 വരെയും 150 രൂപ പിഴയോടെ ജനുവരി 25 വരെയും 400 രൂപ പിഴയോടെ ജനുവരി 28 വരെയും അപേക്ഷിക്കാം. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ ഓഫ്‌ലൈനായി മാത്രം അപേക്ഷിക്കുക. വെബ്സൈറ്റിൽ.

തിരുവനന്തപുരം,
12.01.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**